മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 മെയ് 26

# വാർത്താക്കുറിപ്പ്

---

## നോബൽ ജേതാക്കളുടെ പേരിലുള്ള ചെയർ പ്രൊഫസർ പദവി പ്രൊഫ. ആൻജ് സീഹവിന്

ഫ്രാൻസിലെ ഐ.എം.റ്റി. മൈൻസ് ആൽബി സർവ്വകലാശാലയിലെ പ്രൊഫസർ ആൻജ് സീഹവിനെ മഹാത്മാഗാന്ധി സർവ്വകലാശാലയിലെ സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസ്, നോബൽ സമ്മാനജേതാക്കളായ ജോൺ ബി. ഗുഡിനഫ്, സ്റ്റാൻലി വിറ്റിൻഹാം, അകിര യോഷിനോ എന്നിവരുടെ പേരിലുള്ള ചെയർ പ്രൊഫസർഷിപ്പ് നൽകി ആദരിച്ചു. ഓൺലൈനായി നടന്ന ചടങ്ങിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസാണ് അദ്ദേഹത്തെ പദവി നൽകി ആദരിച്ചത്.. പ്രൊഫ. ആൻജ് സീഹ നിലവിൽ അമേരിക്കയിലെ പ്രിൻസ്റ്റൺ സർവ്വകലാശാലയിലെ ഫുൾ ബ്രൈറ്റ് വിസിറ്റിംഗ് പ്രൊഫസറും ഊർജ രംഗത്തെ പ്രശസ്ത ശാസ്ത്രജ്ഞനുമാണ്.

(പി.ആർ.ഒ./39/641/2022)

## ഇന്നത്തെ പരീക്ഷകൾ മാറ്റി

ഇന്നും (മെയ് 27), മെയ് 30 നും നടത്താനിരുന്ന നാലാം സെമസ്റ്റർ സി.ബി.സി.എസ്. (2019 അഡ്മിഷൻ ഇംപ്രൂവ്മെന്റ് / റീ-അപ്പിയറൻസ്/ 2018, 2017 അഡ്മിഷനുകൾ - റീ-അപ്പിയറൻസ്), സൈബർ ഫോറൻസിക് (സി.ബി.സി.എസ്. -2019 അഡ്മിഷൻ ഇംപ്രൂവ്മെന്റ് / റീ-അപ്പിയറൻസ്) പരീക്ഷകൾ യഥാക്രമം ജൂൺ 10, 14 തീതതികളിലേക്ക് മാറ്റി. പരീക്ഷാ കേന്ദ്രത്തിന് മാറ്റമില്ല.

(പി.ആർ.ഒ./39/642/2022)

## പരീക്ഷകൾ മാറ്റി

മെയ് 31 ന് തുടങ്ങാനിരുന്ന അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്. (2019 അഡ്മിഷൻ - സ്പെഷ്യൽ സപ്ലിമെന്ററി - പരാജയപ്പെട്ടവർക്ക്) ബിരുദ പരീക്ഷകൾ ജൂൺ രണ്ടിന് ആരംഭിക്കുന്ന വിധം പുനക്രമീകരിച്ചു. പരീക്ഷാ കേന്ദ്രത്തിന് മാറ്റമില്ല.

(പി.ആർ.ഒ./39/643/2022)

മെയ് 31 ന് തുടങ്ങാനിരുന്ന അഞ്ചാം സെമസ്റ്റർ ബി.എ. / ബി.കോം. (സി.ബി.സി.എസ്. - 2017, 2018 അഡ്മിഷനുകൾ - റീ-അപ്പിയറൻസ് - അഡീഷണൽ ഇലക്ടീവ് വിദ്യാർത്ഥികൾ - പ്രൈവറ്റ് രജിസ്ട്രേഷൻ) ബിരുദ പരീക്ഷകൾ ജൂൺ രണ്ടിന് ആരംഭിക്കുന്ന വിധം പുനക്രമീകരിച്ചു. പരീക്ഷാ കേന്ദ്രത്തിന് മാറ്റമില്ല.

(പി.ആർ.ഒ./39/644/2022)

## വോക്ക്-ഇൻ ഇന്റർവ്യൂ

കോട്ടയം തലപ്പാടി, അന്തർ സർവ്വകലാശാല ബയോമെഡിക്കൽ ഗവേഷണ കേന്ദ്രത്തിൽ മൾട്ടി ടാസ്കിംഗ് ഓഫീസറുടെ (എം.റ്റി.ഒ.) ഒരു ഒഴിവിലേക്ക് മൂന്ന് മാസത്തേക്ക് കരാർ വ്യവസ്ഥയിൽ നിയമിക്കുന്നതിന് എം.ടെക്, എം.സി.എ., എം.എസ് സി. ഇൻഫർമേഷൻ ടെക്നോളജി / കമ്പ്യൂട്ടർ സയൻസ് വിഷയങ്ങളിൽ ബിരുദാനന്തര ബിരുദമുള്ളവർക്കായി വോക്ക് ഇൻ ഇന്റർവ്യൂ നടത്തുന്നു. സർക്കാർ ഓഫീസുകളിലോ, സർവ്വകലാശാലകളിലോ ഡി.ഡി.എഫ്.എസ്., ഇ-ഓഫീസ്, ഓഫീസ് ഓട്ടോമേഷൻ, ജി.എസ്.ടി., ഇ-ടെൻഡർ ജോലികൾ മൂന്ന് വർഷത്തിൽ കുറയാതെ ചെയ്തവരെയാണ് പരിഗണിക്കുക. കൂടാതെ പി.എഫ്.എം.എസ്. ൽ പ്രവർത്തന പരിചയമോ പരിശീലനമോ ലഭിച്ചിട്ടുള്ളവർക്ക് മുൻഗണന ഉണ്ടായിരിക്കും. യോഗ്യരായ ഉദ്യോഗാർത്ഥികൾ ജൂൺ ആറിന് (തിങ്കൾ) രാവിലെ 10.30 ന് അസ്സൽ സർട്ടിഫിക്കറ്റുകളും പകർപ്പുകളും സഹിതം പുതുപ്പള്ളി, തലപ്പാടിയിലെ അന്തർ സർവ്വകലാശാല ബയോമെഡിക്കൽ ഗവേഷണ കേന്ദ്രത്തിൽ (ഐ.യു.സി.ബി.ആർ.) ഹാജരാകണം. വിശദ വിവരങ്ങൾക്ക് ഫോൺ: 9495546818

(പി.ആർ.ഒ./39/645/2022)

## പരീക്ഷാ ഫലം

സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യുക്കേഷൻ ആന്റ് സ്പോർട്സ് സയൻസസ് 2021 ഡിസംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.പി.ഇ.എസ്. (റെഗുലർ / സപ്ലിമെന്ററി- ഫിസിക്കൽ എഡ്യുക്കേഷൻ ആന്റ് സ്പോർട്ട്സ് സയൻസസ് ഫാക്കൽറ്റി, സി.എസ്.എസ്., 2020-2022 ബാച്ച്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/646/2022)

2021 മാർച്ചിൽ നടന്ന ഒന്ന്, രണ്ട് സെമസ്റ്ററുകൾ എം.എ. ഇക്കണോമിക്സ് (2019 അഡ്മിഷൻ - പ്രൈവറ്റ്) / ഫിലോസഫി (പ്രൈവറ്റ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും യഥാക്രമം 370 രൂപ, 160 രൂപ നിരക്കിൽ ഫീസടച്ച് ജൂൺ എട്ട് വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ./39/647/2022)

പി.സി. സുരേഷ് കുമാർ
പബ്ലിക് റിലേഷൻസ് ഓഫീസർ